**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19 — 28.05.2019-ൽ മറുപടി നൽകേണ്ടത്

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. ഡി.കെ.മുരളി**

**ശ്രീ. ജോൺ ഫെർണാണ്ടസ്**

**ശ്രീ. കെ.ഡി.പ്രസേനൻ**

**ശ്രീ. പി.ഉണ്ണി**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ രാജ്യത്ത് പ്രഥമസ്ഥാനം നേടിയ ഭരണ മികവ് നിലനിർത്തുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി ഉന്മൂലനം ചെയ്യുന്നതിനും പരിപാടിയുണ്ടോ; വിശദാംശം നൽകാമോ; | (എ) & (ബി) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG)മുഖേന പരിശീലനം നൽകി വരുന്നു.<br><br>സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 01.01.2018 മുതൽ ഗവ. സെക്രട്ടറിയേറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ്സംവിധാനം നടപ്പിലാക്കിയതു കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം |
| (ബി) | സിവിൽ സർവ്വീസ് കൂടുതൽ ജനസേവനപരമാക്കിത്തീർക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബിയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ 06.05.2019 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട് .<br>സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു . പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ്ആധുനികവത്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സേവനാവകാശനിയമം കൂടുതൽ ഫലപ്രദമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സേവനാവകാശ നിയമം ജന സൗഹൃദമാക്കുന്നതിനും വിപുലീകരിക്കുന്നതിനും ആയി നിയമ പരിഷ്കാരത്തിനുള്ള സമഗ്രമായ ശുപാർശകൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Deepi

**സെക്ഷൻ ഓഫീസർ**